# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

CIN:U40100KL2011SGC027424

രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം ,

തിരുവനന്തപുരം -695004 , കേരളം.

ഫോൺ : +91471 2514472 2514527 2514455 2514608

വെബ് : www.kseb.in ഇ-മെയിൽ pokseb@gmail.com


No. PS/SS1/Condolence Meeting/2021 തീയതി: 6/12/2021

## പരിപത്രം

വിഷയം:- കെ.എസ്.ഇ.ബി. ലിമിറ്റഡ് കമ്പനിയിൽ തൊഴിൽ സ്ഥലങ്ങളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്ക് അപകട മരണം ഉണ്ടായാൽ അടിയന്തിരമായി സ്വീകരിക്കേണ്ട നടപടികൾ - സംബന്ധിച്ച്.

സൂചന:- ബഹുമാനപ്പെട്ട കെ.എസ്.ഇ.ബി. ലിമിറ്റഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 23.11.2021 തീയതിയിലെ CMD/106/ELE. ACCIDENTS/2021-22 നമ്പർ പ്രകാരമുള്ള നിർദ്ദേശം.

1. കെ.എസ്.ഇ.ബി. ലിമിറ്റഡ് കമ്പനിയിൽ തൊഴിൽസ്ഥലത്തുണ്ടായ അപകടങ്ങളിൽ നാളിതുവരെ 300-ഓളം തൊഴിലാളികളും ജീവനക്കാരും ഓഫീസർമാരും മരണപ്പെട്ട എന്നാണ് കണക്കുകളിൽ കാണുന്നത്. തൊഴിലാളി – ഓഫീസർ സുരക്ഷയിൽ കമ്പനി ഏറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ കോവിഡിനെ തുടർന്നുള്ള തുടർ പരിശീലനത്തിന്റെ മുടക്കവും കാലാവസ്ഥാ സാഹചര്യവും പരിശീലനത്തിന് അൽപ്പം തടസ്സം ഉണ്ടാക്കിയിട്ടുണ്ട്. ജീവനക്കാർക്ക് അപകടം നേരിടുന്നത് ആയതിനാൽ കൂടുതൽ ശ്രദ്ധ അർഹിക്കുന്നു.
2. അപകടമുണ്ടാകുന്നപക്ഷം, ജീവനക്കാർക്ക് മരണം അഥവാ ഗുരുതര പരിക്ക സംഭവിച്ചാൽ അന്നേ ദിവസം വസ്തുത ബന്ധപ്പെട്ട ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒരു ഡി.ഒ. കത്ത് ഇ-മെയിൽ വഴി ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ടെക്നിക്കൽ അസിസ്റ്റന്റ്, ബന്ധപ്പെട്ട ഡയറക്ടർ, ചീഫ് എഞ്ചിനീയർ, ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ എന്നിവരെ അറിയിക്കേണ്ടതാണ്. വിവരം വാട്സാപ്പിലും ഇ-മെയിലിലും കഴിവതും വേഗം അറിയിക്കണം.
3. ആശുപത്രിയിലുള്ള തൊഴിലാളി ജീവനക്കാർക്ക് മികച്ച ചികിത്സ സൌകര്യം ലഭിക്കുന്നു എന്നുറപ്പ് വരുത്തുകയും രക്തം / പ്രത്യേക ഔഷധങ്ങൾ എന്നിവ ആവശ്യമാകുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർ അതിനുവേണ്ട ഏകോപനം നടത്തുകയും ചെയ്യേണ്ടതാണ്. ഇതിനായി ഉദ്യോഗസ്ഥ-തൊഴിലാളി സംഘടനകളുടെ സഹായവും തേടണം. അടിയന്തിരമായി വേണ്ട ഔഷധങ്ങൾ ലഭ്യമാക്കാൻ ഡോക്ടറുടെ നിർദ്ദേശാനുസരണം ഒരു ലക്ഷം രൂപ വരെ അടിയന്തിര ചികിത്സാ സഹായം നൽകാൻ ബന്ധപ്പെട്ട ചീഫ് എഞ്ചിനീയർക്ക് അധികാരം നൽകുന്നു.
4. നിർഭാഗ്യവശാൽ അപകടവിധേയനായ തൊഴിലാളി / ഓഫീസർ മരണപ്പെട്ടാൽ മരണാനന്തര ചടങ്ങുകൾക്കും കുടുംബത്തിനാവശ്യമായ സഹായം നൽകാനും ബന്ധപ്പെട്ട ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്ഥലത്ത് വേണ്ട ഏകോപനം ചെയ്യണം.

5. തൊഴിലാളികൾ / ജീവനക്കാർ മരണപ്പെട്ട കേസുകളിൽ ബന്ധപ്പെട്ട ഡയറക്ടർ / ചീഫ് എഞ്ചിനീയർ / ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ബോർഡിനെ പ്രതിനിധീകരിക്കണം. മരണാനന്തര ബഹുമതി നിർബന്ധമായും അർപ്പിക്കണം. മരണാനന്തര ആനുകൂല്യങ്ങൾ രേഖാമൂലം ഉടൻ ക്രമീകരിക്കണം. ഇത് "വാതിൽപ്പടി" സേവനമായിരിക്കണം. ആനുകൂല്യങ്ങൾക്ക് വൈദ്യുതിബോർഡ് ഓഫീസിലേക്ക് അടുത്ത ബന്ധുക്കൾ ആവർത്തിച്ച് വരേണ്ട സാഹചര്യം ഒഴിവാക്കണം.

6. ലഭ്യമാക്കേണ്ട ധനപരമായ ആനുകൂല്യങ്ങൾ രണ്ടു മാസത്തിനുള്ളിൽ മാനവവിഭവശേഷി വിഭാഗം വിതരണം ചെയ്തു തീർക്കണം. മരണം സംഭവിച്ചാൽ മരണപ്പെട്ട ജീവനക്കാരന്റെ അടുത്ത ബന്ധുവിന് ബോർഡിന്റെ അനുശോചന സന്ദേശം ബന്ധപ്പെട്ട ഡയറക്ടർ / സി.എം.ഡി. രേഖാമൂലം നൽകേണ്ടതാണ്.

7. നാളിതുവരെ സേവനസമയത്ത് മരണപ്പെട്ട തൊഴിലാളി / ഉദ്യോഗസ്ഥരുടെ സ്മരണ നിലനിർത്തുന്നതിനും അവരുടെ സേവനവും ത്യാഗവും ഓർമ്മപ്പെടുത്തുന്നതിനും അവരുടെ പേരുകൾ രേഖപ്പെടുത്തിയ ഉചിതമായ സ്മാരകശില / ശിൽപ്പം പട്ടത്തെ ബോർഡ് ആസ്ഥാനത്ത് ക്രമീകരിക്കേണ്ടതാണ്.

8. ദേശീയ രക്തസാക്ഷി ദിനത്തിൽ (ജനുവരി 30) അവരുടെ സ്മരണാദിനവും ബോർഡ് അങ്കണത്തിൽ പുഷ്പചക്രം അർപ്പിച്ച് നടത്തേണ്ടതാണ് ഇത് ഡയറക്ടർ (ജനറേഷൻ-സിവിൽ വിഭാഗം) കോർപ്പറേറ്റ് ഓഫീസിൽ ഏകോപിപ്പിക്കേണ്ടതാണ്.

ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്കു വേണ്ടി

**സെക്രട്ടറി (ഭരണം)**

പകർപ്പ് :

എല്ലാ ചീഫ് എഞ്ചിനീയർമാർക്കും/ എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർക്കും / എല്ലാ എക്സിക്യൂട്ടീവ് എൻജിനീയർമാർക്കും /എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർക്കും / എല്ലാ അക്കൗണ്ട് റെൻഡറിംഗ് യൂണിറ്റുകൾക്കും.
ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
പി. എ ടു ഡയറക്ടർ (ഫിനാൻസ്)
ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.റ്റി & എച്ച്. ആർ.എം)
ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ,)
ടി. എ ടു ഡയറക്ടർ (പ്ലാനിംഗ് & സേഫ്റ്റി)
ടി. എ ടു ഡയറക്ടർ {ജനറേഷൻ (ഇലക്ട്രിക്കൽ) & എസ്.സി.എം}
ടി. എ ടു ഡയറക്ടർ {ജനറേഷൻ (സിവിൽ)}
കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ് /സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ
ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ
ചീഫ് വിജിലൻസ് ഓഫീസർ / ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഐ.റ്റി)
ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി/സ്റ്റോക്ക് ഫയൽ.